16

# ഇരു കാലം

## യോർദ്ദാനിലേക്കു വരുന്നതുമുതൽ ഗലീലിയിലേക്കു മടങ്ങുന്നതുവരെ (യോഹന്നാൻ 1:29- 4:54)

**ആ കാലത്തിന്റെ സ്വഭാവം.** - ഒമ്പതോ പത്തോ വർഷം നീളുന്നതായിരുന്നു ആ കാലം - അതു ശൈത്യകാലത്തിന്റെ അവസാനം മുതൽ ശൈത്യകാലത്തിന്റെ ആരംഭം വരെ ആണ്. അതിന്റെ രേഖകൾ ചുരുക്കവും ഭാഗങ്ങളായുള്ളതുമാണ്. അക്കാരണത്താലും, യേശു പതുക്കെയാണ് പരസ്യമായി രംഗത്തേക്കു വന്നതു എന്നതുകൊും, അതിനെ ഇരു കാലമെന്നു വിളിച്ചു. അതു മിക്കവാറും യെഹൂദ്യയിലായിരുന്നു, അതിനെക്കുറിച്ചു ചരുങ്ങിയ അറിവേ നമുക്ക് ഉള്ളൂ എന്നതിനു നാം യോഹന്നാനോടു നാം കടപ്പെട്ടിരിക്കുന്നു. ഒരു വർഷം അധികം അത്ഭുതം ചെയ്യാതെ കൂടുതൽ ഉപദേശിക്കയായിരുന്നു, അതും പരസ്യപ്രസംഗം നടത്താതെ രഹസ്യമായും വ്യക്തിപരമായും ഉപദേശിക്കയായിരുന്നു. യേശുവിന്റെ പ്രവൃത്തി ശക്തിയായി വളരുന്നതിനു മുമ്പു തന്നെ, യോഹന്നാന്റെ ശുശ്രൂഷ തുടർന്നിരുന്നെങ്കിലും അതു വൃഥാവായിക്കൊിരുന്നു (യോഹന്നാൻ 4:1-3). ആദ്യദിനങ്ങൾ ഗലീലിയിലായിരുന്നു; എന്നാൽ ആ കാലത്ത് അധികസമയവും യെഹൂദ്യയിലായിരുന്നു.

### I. ആദ്യ ഗലീലാ ശുശ്രൂഷ.

**1. ആദ്യ ശിഷ്യന്മാർ.** - പരീക്ഷണത്തിനുശേഷം യേശു യോർദ്ദാൻ കരയിലേക്ക് മടങ്ങിവന്നു തന്റെ യുഗ-സൃഷ്ടിയുടെ ശുശ്രൂഷയിൽ പ്രവേശിച്ചു. അവിടെ വെച്ചാണ് സ്നാപകൻ അവനെ ദൈവകുഞ്ഞാടായി സംബോധന ചെയ്തത്. യോഹന്നാന്റെ ശിഷ്യന്മാരായിരുന്ന, അഞ്ചു പുരുഷന്മാർ, ഭാഗികമായി യോഹന്നാന്റെ സാക്ഷ്യത്തിൽ പങ്കുചേർന്നവരായിരുന്നു, എന്നാൽ, അവന്റെ ശക്തമായ ഉപദേശത്താലും, വ്യക്തിത്വത്താലും ആകർഷിക്കപ്പെട്ട്, അവന്റെ ശിഷ്യന്മാരായി. യോഹന്നാന്റെ ശിഷ്യന്മാർ ശാരീരികമായി അവനോടു പറ്റിച്ചേരുകയായിരുന്നില്ല; എന്നിരുന്നാലും യേശു വളർന്നുകൊിരിക്കുകയും യോഹന്നാൻ കുറഞ്ഞുകൊിരിക്കയും ചെയ്തു; ആ വലിയ -ആത്മാവിനുടമ അങ്ങനെ ആകേയിരുന്നു (യോഹന്നാൻ 3:25-30). ആ ആദ്യത്തെ അഞ്ചു ശിഷ്യന്മാരുടെ ബോധം നാം മറക്കരുത്. അവർ യോഹന്നാൻ, അന്ത്രെയൊസ്, പത്രൊസ്, ഫിലിപ്പൊസ് കൂടാതെ നഥനയേൽ എന്നിവരായിരുന്നു.

**2. ആദ്യത്തെ അത്ഭുതം.** - ഉടനെതന്നെ യേശു തന്റെ പുതിയ ശിഷ്യന്മാരുമായി യോർദ്ദാന്റെ താഴ്ന്ന പ്രദേശത്തുനിന്നു തന്റെ പ്രദേശമായ ഗലീലിയിലേക്കു ചെറിയൊരു സന്ദർശനത്തിനായി പോയി. നസ്റേത്തിനടുത്തുള്ള കാനാവിലെ കല്യാണവിരുന്നായിരുന്നു സന്ദർഭം. അവിടെ അവൻ തന്റെ അമ്മയെ കുമുട്ടുകയും, നാം അത്ഭുതമെന്നു വിളിക്കുന്ന അവന്റെ അത്ഭുതപ്രവൃത്തികളിൽ ആദ്യത്തേതു നടത്തുകയും ചെയ്തു. പ്രാകൃതമായ

ഗുണവിശേഷണമാണ് വലിയ ഔദാര്യം; യേശു വെള്ളത്തെ വീഞ്ഞാക്കി മാറ്റിക്കൊ് ആ വിരുന്നുകാരുടെ വിഷമസന്ധി പരിഹരിച്ചു കൊടുത്തു.

"വെള്ളത്തിനു അതിന്റെ കർത്താവിനെ കു മുഖം വിവർണ്ണമായി."

ഒരത്ഭുതം അത്ഭുതം തന്നെയാണ്. അതിനെ തത്വവൽക്കരിക്കുന്നതിൽ വലിയ പ്രയോജനം ഉാകുകയില്ല. പ്രകൃതിയുടെ സാധാരണ നടപടികളെ കുറിച്ചുള്ള അറിവുപോലെ അതിന്റെ സ്വഭാവത്തെക്കുറിച്ചു ചെറിയ അറിവു മാത്രമെ നമുക്ക് ഉള്ളൂ. എല്ലാ അത്ഭുതങ്ങളിലും വലുത് യേശു തന്നെയാണ് – യുഗങ്ങളുടെ ധാർമ്മികമായ അത്ഭുതം. അവന്റെ സ്വാഭാവികതയാണ് നമ്മുടെ അസ്വാഭാവികത. സൃഷ്ടിയുടെ താക്കോൽ ദൈവം ആകയാൽ, അവന്റെ പ്രവൃത്തികളുടെ എല്ലാം കേന്ദ്രം യേശു തന്നെയാണ്.

**3. ഗലീലിയിലെ ശുശ്രൂഷയുടെ ഉപസംഹാരം.**– യേശു, തന്റെ അമ്മയോടും ശിഷ്യന്മാരോടും കൂടെ കഫർന്നഹൂം സന്ദർശനം നടത്തി, അവിടെ അവൻ പിന്നീടുള്ള തന്റെ ഗലീലി ശുശ്രൂഷയുടെ കേന്ദ്രമാക്കി. അവിടെ നിന്നും അവൻ ദേശത്തിന്റെ തലസ്ഥാനമായ, യെരുശലേമിലേക്കു പോയി. അങ്ങനെ പ്രാരംഭ ഗലീലിയൻ ശുശ്രൂഷ അവസാനിപ്പിച്ചു. രേഖപ്പെടുത്തിയിരിക്കുന്നതു ചുരുക്കമായതുകൊു, യോഹന്നാന്റെ ശുശ്രൂഷയിൽനിന്നു രു വ്യത്യാസങ്ങൾ കാണാം: (1) യേശു ഒരു അത്ഭുതം പ്രവർത്തിക്കുന്നവനായിരുന്നു; (2) സാധാരണക്കാരുടെ സാധാരണജീവിതത്തിൽ അവൻ ഇടപെട്ടു. യോഹന്നാൻ ഏകാന്തവാസിയും, മനുഷ്യരുടെ വാസങ്ങളിൽനിന്നകന്നു, മരുഭൂമിയിൽ പ്രസംഗിച്ചാണ് കഴിഞ്ഞത്. മനുഷ്യവർഗ്ഗത്തെ വീടുക്കുവാൻ വന്നവൻ സ്വതന്ത്രമായി എല്ലാതരത്തിലുമുള്ള ആളുകളുമായി ഇടപെട്ട്, ധനികരുടെ ഔദാര്യം പങ്കിട്ട് ദരിദ്രരുടെ വീടുകളിൽ ചെന്നു, വീടുകളിൽ രഹസ്യമായും, പള്ളികളിൽ പരസ്യമായും, മരുഭൂമിയിലെ ഏകാന്തതയിലും, തിരക്കുള്ള കടൽക്കരയിലും ചന്തയിലും, അഭിമാനമായ തലസ്ഥാനത്തും പ്രസംഗിച്ചു.

## II. യെഹൂദ്യയിലെ ആരംഭ ശുശ്രൂഷ.

**1. മുഖവുര.** – ഗലീലിയിലെ യേശുവിന്റെ ശുശ്രൂഷ സ്പഷ്ടമായും രഹസ്യസ്വഭാവത്തിലുള്ളതായിരുന്നു, പ്രധാനമായും അതു ശിഷ്യന്മാരുടെ വിശ്വാസം ഉറപ്പിക്കുന്നതിനായിരുന്നു (യോഹന്നാൻ 2:11). ഇപ്പോൾ അവന്റെ ശുശ്രൂഷ പരസ്യമായി തന്നെ അധികവും തലസ്ഥാനത്തേക്കു മാറ്റി. അതുകൊു തലസ്ഥാനത്തുള്ള യെരുശലേമിലും യെഹൂദ്യയിലുമുള്ള ഭരണാധികാരികൾക്കു അവനെ മശിഹയായി അംഗീകരിക്കുവാനുള്ള അവസരം ആദ്യമായി ലഭിച്ചു. ഗലീലിയിലുള്ള*വർ* അപ്പോഴും അവനെ തള്ളിക്കളഞ്ഞതുകൊല്ല അവൻ അവിടത്തെ സുവിശേഷീകരണത്തിൽ നിന്നു മാറിയത്.

**2. ദൈവാലയം ശുദ്ധീകരിക്കൽ.** – പഴയ പ്രവാചകന്മാർ നിർമ്മലമായ ജീവിതം നയിച്ചവരും ആത്മിയമായ ആരാധനയിൽ എരിവുള്ളവരും ആയിരുന്നു. അതേ മനോഭാവത്തോടെയാണ് യുവാവായ പ്രവാചകനും യെരുശലേമിലെ തന്റെ പ്രവൃത്തി ആരംഭിച്ചത്. യാഗം കഴിക്കുവാൻ കൊുവന്ന ആയിരക്കണക്കിനു കന്നുകാലികളെക്കൊു ദൈവാലയ പ്രാകാരം ഒരു തൊഴുത്താക്കി മാറ്റി; ദൈവാലയത്തിന്റെ ഇടനാഴിയിൽ വെച്ച് ബ്രോക്കർമാർ

അവരുടെ ഇടപാടുകാരുമായി വിലപേശുന്നു. എപ്പോഴും ധാർമ്മിക പിന്തുണ നല്കുന്ന, ആ അധികാരത്തോടെ, യേശു ആടുമാടുകളെയും വ്യാപാരികളെയും ദൈവാലയത്തിൽനിന്നു പുറത്താക്കി.[1] അവന്റെ ധീരമായ ആ പ്രവൃത്തിയിൽ ദുഷിച്ച അധികാരികൾ സഹതപിക്കുകയോ സന്തോഷിക്കുകയോ ചെയ്തില്ല. മറിച്ച്, അവരുടെ ശത്രുത വർദ്ധിക്കുകയാണുായത്. തലസ്ഥാനം അവനെ ത്യജിച്ചതുകൊു, അവൻ യെഹൂദ്യയുടെ നാട്ടിൻപുറത്തേക്കു വാങ്ങിപോയി.

**3. നിക്കൊദെമോസുമായുള്ള സംഭാഷണം.** – അവൻ ആ പട്ടണത്തിൽ താമസിക്കുമ്പോൾ തന്റെ മശിഹാത്വം തെളിയിക്കുന്നതിനു ചില അത്ഭുതങ്ങൾ ചെയ്തു (യോഹന്നാൻ 2:23; 3:2; 4:45). പ്രമാണിമാരിൽ, ചുരുങ്ങിയത്, ഒരാളിൽ, പരീശനായിരുന്ന നിക്കൊദെമോസിൽ, അവരുടേതായ ശത്രുതയില്ലായിരുന്നു. യുവ ഉപദേഷ്ടാവിന്റെ അടുക്കലെ ആ രാത്രിയിലെ സംഭാഷണം ആത്മിയസ്വഭാവമുള്ള അവന്റെ രാജ്യത്തെക്കുറിച്ചുള്ള യേശുവിൽനിന്നു കേട്ട ഏറ്റവും ഉയർന്ന പ്രസംഗമാണ് നൽകുന്നത്.[2]

**4. നാട്ടിൻപുറത്തെ ശുശ്രൂഷ: യോഹന്നാന്റെ അവസാന സാക്ഷ്യം.** – പട്ടണത്തിൽനിന്നും ഓടിച്ച യേശു, നാം കതുപോലെ, നാട്ടിൻപുറത്തേക്കാണ് പോയത് (യോഹന്നാൻ 3:22). സംഭവങ്ങൾ ഒന്നും സൂക്ഷിച്ചിട്ടില്ല; എന്നാൽ യോഹന്നാൻ 4:35 നമ്മോടു പറയുന്നത് യേശു എട്ടു മാസത്തോളം യെഹൂദ്യയിൽ തന്നെ താമസിച്ചു എന്നാണ്. യോഹന്നാന്റെ ശിഷ്യന്മാർക്കു അസൂയ ജനിക്കത്തക്കവണ്ണം അവിടെ ശുശ്രൂഷ വളർന്നു ഫലവത്തായി തീർന്നു (യോഹന്നാൻ 3:26). സൈന്യാധിപന്മാരുടെ അസൂയകൊു യുദ്ധങ്ങൾ നിരവധി പരാജയപ്പെട്ടിട്ടു്. യോഹന്നാൻ മറ്റൊരു വിധത്തിലായിരുന്നു; ശിഷ്യന്മാരുടെ അസൂയക്കു നിറം പകർന്നുകൊിരുന്നു, അവന്റെ ഭാഗത്തുനിന്നു ഊർജ്ജസ്വലതയിൽ തുടങ്ങി, അവസാനം മശിഹ വളരുകയും അവനോ കുറയുകയും വേണമായിരുന്നു.

**5. ആരംഭത്തിലെ യെഹൂദ്യ ശുശ്രൂഷയുടെ അവസാനം.**– യോഹന്നാനെ പരീശന്മാർ തള്ളിക്കളഞ്ഞു (ലൂക്കൊസ് 7:30). യേശുവിന്റെ ഉയർന്ന ആത്മീയതയോടും വലിയ വിജയത്തോടും അവർക്ക് ശത്രുതയുായി. പരീശന്മാർക്കുായ ശത്രുത, ഒരു പക്ഷെ യോഹന്നാന്റെ ശിഷ്യന്മാർക്കുായ അസൂയ കാരണമാകാം, എല്ലാറ്റിലുമുപരിയായി, യോഹന്നാൻ തടവിലുമായി, അതെല്ലാംകൊു അവൻ തന്റെ ശുശ്രൂഷ യെഹൂദ്യയിൽനിന്നു ഗലീലിയിലേക്കു മാറ്റി (*ഒ.വാ.* യോഹന്നാൻ 4:1–3; മത്തായി 4:1–12).

**6. ശമര്യക്കാരി സ്ത്രീ.** – യെഹൂദ്യക്കും, ഗലീലക്കും ഇടയ്ക്കുള്ള ശമര്യയിലുായിരുന്ന വർഗ്ഗം, നിന്ദിക്കപ്പെട്ടവരായിരുന്നു. യെഹൂദന്മാർ സാധാരണ ശമര്യ ഒഴിവാക്കി യോർദ്ദാന്റെ കിഴക്കുഭാഗത്തുകൂടെ മാറി കടന്നുപോകും. എന്നാൽ യേശു യെഹൂദ്യയിൽ വളരെ വടക്കു മാറിയാണ് വന്നിരിക്കുന്നത്; അതിലുപരിയായി, *അവന്റെ* ഉള്ളിൽ ദേശീയ ദുരഭിമാനത്തിനു ഒരു സ്ഥാനവുമില്ല. ശമര്യക്കാരിയുമായുള്ള സംഭാഷണം യോഹന്നാൻ നമുക്കുവേി സൂക്ഷിക്കത്തക്കതാക്കിയിരിക്കുന്നു. അവന്റെ ജീവിതവും വാക്കുകളും യോഹന്നാനെയും പത്രൊസിനെയും അന്ത്രെയോസിനെയും വലിയ പുരുഷാരത്തെ തന്നെയും വിസ്മയിപ്പിച്ചു കഴിഞ്ഞിരിക്കയാണ്; എന്നാൽ അവന്റെ മശിഹാത്വത്തിന്റെ സുന്ദരമായ പ്രാധാന്യം ആദ്യം പരസ്യമായി വെളിപ്പെടുത്തിയത് പേർ പറയാത്ത അന്യവർഗ്ഗക്കാരിയായ ഒരു സ്ത്രീയോ

ടായിരുന്നു എന്നതു പ്രത്യേകത ജനിപ്പിക്കുന്നു.

---

കുറിപ്പുകൾ

[1]യേശുവിന്റെ ശുശ്രൂഷയിലെ ആദ്യത്തെ പെസഹയിലെ ദൈവാലയശുദ്ധീകരണം അവസാനത്തെ പെസഹയായി കഴിപ്പിക്കാതെ നോക്കണം (*ഒ.വ.* മത്താ. 21:12). [2]ഭയം കൊാണ് നിക്കൊദെമൊസ് യേശുവിനെ കാണുവാൻ രാത്രിയിൽ വന്നതു എന്നു സാധാരണയായി പറയാറു്. അതിനു സാധ്യതയു് എന്നാൽ ഒരുപക്ഷെ ആയിരിക്കയില്ല. അവൻ കൂടുതലും അനുകൂലമായിട്ടായിരുന്നു എന്നാണ് നമുക്കുള്ള ചെറിയ അറിവു സൂചിപ്പിക്കുന്നത് (*ഒ.വാ.* യോഹന്നാൻ 7:50; 19:39). ശല്യമില്ലാതെ യേശുവിനെകു സംസാരിക്കുവാനാണ് രാത്രിയിൽ വന്നതു എന്നതിനാണ് കൂടുതൽ സാധ്യത.